8255
16/8/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - തിരുവനന്തപുരത്തെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ കെട്ടിടത്തിനു മുകളിൽ ലൈറ്റ് റൂഫ് ഉപയോഗിച്ച് ഒരു നില കൂടി പണിയുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.488/2014/സാനീവ. തീയതി, തിരുവനന്തപുരം,06.08.2014.

പരാമർശം : 1. സാമൂഹ്യനീതി ഡയറക്ടറുടെ 03.07.2014 ലെ ജി4/41743/2013 നമ്പർ കത്ത്

2. 21.07.2014 ലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കെട്ടിടത്തിനു മുകളിൽ ലൈറ്റ് റൂഫ് ഉപയോഗിച്ച് ഒരു നില കൂടി പണികഴിപ്പിക്കുന്നതിലേയ്ക്ക് 42 ലക്ഷം രൂപ ആവശ്യമാണെന്നും, പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷത്തെ 4235-60-800-98(പി) ശീർഷകത്തിൽ ലഭ്യമാണെന്നും, ആയതിനാൽ പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2). 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഭരണാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിനാൽ തിരുവനന്തപുരം ജില്ലയിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യസുരക്ഷാ മിഷൻ കെട്ടിടത്തിനു മുകളിൽ ലൈറ്റ് റൂഫ് ഉപയോഗിച്ച് ഒരു നില കൂടി പണികഴിപ്പിക്കുന്നതിന് ഭരണാനുമതിയും പ്രസ്തുത നിർമ്മാണത്തിന് 2014-15 സാമ്പത്തിക വർഷത്തെ 4235-60-800-98(പി) ശീർഷകത്തിൽ നിന്ന് 42 ലക്ഷം (നാൽപ്പത്തിരണ്ട് ലക്ഷം ) രൂപയും അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ